# സമഗ്ര ഗുണമേന്മ പദ്ധതി

## അക്കാദമിക മാസ്റ്റർ പ്ലാൻ

## ജി. എൽ. പി. എസ്
## പൊയ്ക്കാട്ടുശ്ശേരി

## 2025 - 2026

# ആമുഖം

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ പൊയ്ക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ നെറുകയിലാണ് ഈ വിദ്യാലയം. ചരിത്രം ഐതിഹ്യപരവുമായ ഏറെ പെരുമയുള്ള നാടാണിത്. പൊയ്കയും കാടും ചേർന്ന ഇടം അതിൽ നിന്നാണ് പൊയ്ക്കാട്ടുശ്ശേരി എന്ന പേര് ഉണ്ടായത്. തളിയാതിരി മന, പടവമന, മുതലക്കോടത്ത് മന എന്നി മനകളുടെ അധീനതയിലായിരുന്നു ഈ പ്രദേശം. ടിപ്പു സുൽത്താന്റെ പടയോട്ടകാലത്ത് പല ക്ഷേത്രങ്ങളും നശിപ്പിക്കപ്പെട്ടു. അതിന്റെ തെളിവാണ് മാങ്ങാമ്പിള്ളി തേവർനട. അവിടെ ഇപ്പോൾ പുനരുദ്ധാരണ പ്രവർത്തനം നടക്കുന്നു. ഗ്രാമത്തിന്റെ ഓരം പറ്റി മാഞ്ഞാലിപ്പുഴ ഒഴുകുന്നുണ്ട്. പേർഷ്യയിൽ നിന്നു വന്ന ബാവ; തിരുമേനി യാക്കോബായ തിരുസഭയുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിച്ച് പൊയ്ക്കാട്ടുശ്ശേരി പള്ളിയിൽ കാലം ചെയ്യണമെന്ന് ആഗ്രഹിച്ചു. ഏതോ പ്രതികൂല സാഹചര്യത്തിൽ ആഗ്രഹം സാധിക്കാതെ വന്നു. ആർത്താറ്റ് കുന്നംകുളം പള്ളിയിൽ അദ്ദേഹത്തെ കബറടക്കി. അതിനുശേഷം ധാരാളം അനിഷ്ടങ്ങൾ ഈ ഗ്രാമം ഏറ്റു വാങ്ങി. അദ്ദേഹത്തോടുള്ള ബഹുമാനാർത്ഥം എല്ലാവർഷവും ആർത്താറ്റ് തീർത്ഥയാത്ര പൊയ്ക്കാട്ടു-

# വിദ്യാലയത്തിന്റെ ചരിത്രം.

1947-ലാണ് ഗവ. എൽ.പി. സ്കൂൾ പൊയ്യക്കാട്ടുശ്ശേരി നിലവിൽ വന്നത്. കോട്ടമഠത്തിൽ രാമകൃഷ്ണപിള്ള, അമ്പാട്ട് കോരത്, തരിയൻ എന്നിവരുടെ ശ്രമഫലമായി അമ്പാട്ട് കോരത് തരിയന്റെ ആവൂര സമിതി ചെയ്തിരുന്ന സ്ഥലത്താണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്.

രാമകൃഷ്ണപിള്ള സാർ ആയിരുന്നു വിദ്യാലയത്തിലെ ആദ്യത്തെ ഹെഡ്മാസ്റ്റർ. ഒന്ന്, രണ്ട്, മൂന്ന് ക്ലാസ്സുകൾ ഒരുമിച്ചാണ് പ്രവർത്തിക്കാൻ തുടങ്ങിയത്. തുരുത്തിശ്ശേരി, കുറുവശ്ശേരി, ചെങ്ങമനാട് എന്നീ മൂന്ന് സ്കൂളുകളിൽ നിന്നും TC വാങ്ങി വന്ന കുട്ടികളെ ചേർത്തു കൊണ്ടാണ് സ്കൂൾ പ്രവർത്തനം തുടങ്ങിയത്.

പിന്നീട് കാവിക്കുളം തെറ്റ എന്ന സർക്കാർ സ്ഥലത്തേക്ക് സ്കൂൾ മാറ്റി സ്ഥാപിക്കപ്പെട്ടു. കൂടാതെ ഷെവലിയർ പൗലോസ് അച്ചൻ വിട്ടുകൊടുത്ത സ്ഥലം ഉൾപ്പെടെ 50 സെന്റ് സ്ഥലമാണ് സ്കൂളിനുള്ളത്.

തോമസ് പാലാട്ടി എന്ന കോൺട്രാക്ടർ ഓട് മേഞ്ഞതും ഉടുത്ത ചാന്തിത സ്കൂൾ കെട്ടിടം ഭിത്തി ചെങ്കല്ലുകൊണ്ട് നിർമ്മിച്ച് അരവതിലുകളുമുള്ള കാലങ്ങളോളം സ്കൂൾ ഉപയോഗിച്ച് ഇന്നത്തെ സ്ഥിതിയിൽ നാടിന് അഭിമാനമായി തലയുയർത്തി നിലകൊള്ളുന്നു

## അടിസ്ഥാന വിവരങ്ങൾ.

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ. എൽ. പി. സ്കൂൾ പൊയ്ക്കാട്ടുശ്ശേരി. |
| വിലാസം | : പൊയ്ക്കാട്ടുശ്ശേരി, ചെങ്ങമനാട്. P.O എറണാകുളം - 683578. |
| ഫോൺ | : 0484 - 2477787 |
| സ്കൂൾ കോഡ് | : 25417 |
| വിദ്യാഭ്യാസ ഉപജില്ല | : അങ്കമാലി. |
| വിദ്യാഭ്യാസ ജില്ല | : ആലുവ |
| റവന്യൂ ജില്ല | : എറണാകുളം. |
| ബി. ആർ. സി | : അങ്കമാലി. |
| സി. ആർ. സി | : തുരുത്തുശ്ശേരി. |
| ഗ്രാമപഞ്ചായത്ത് | : നെടുമ്പാശ്ശേരി (19-ാം വാർഡ്) |
| ബ്ലോക്ക് പഞ്ചായത്ത് | : പാറക്കടവ്. |
| ജില്ല പഞ്ചായത്ത് | : എറണാകുളം. |
| നിയമസഭാ മണ്ഡലം | : ആലുവ. |
| ലോക സഭ മണ്ഡലം | : ചാലക്കുടി. |
| താലൂക്ക് | : ആലുവ. |
| വില്ലേജ് | : നെടുമ്പാശ്ശേരി. |
| ഇ-മെയിൽ | : glpspoickattussery@gmail.com |

## മികവിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് അസംബ്ലി<br>എല്ലാകുട്ടികൾക്കും ഫലപ്രദമായി ഇംഗ്ലീഷ് എഴുതുന്നതിനും വായിക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം ഇംഗ്ലീഷ് അസംബ്ലി ഓരോ ക്ലാസിനും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | |
| | ഇംഗ്ലീഷ് ഡയറി<br>തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതുവാൻ. | ഓരോ ദിവസത്തെയും ഡയറിക്കുറിപ്പുകൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ക്ലാസ്സ് ടീച്ചർ | |
| | Spoken English<br>അനായാസം ഇംഗ്ലീഷ് സംസാരിക്കുന്നതിന് | ആഴ്ചയിൽ 2 ദിവസം പ്രത്യേക പരിശീലനം നൽകൽ | ആഴ്ചയിൽ 2 ദിവസം | | |

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഇംഗ്ലീഷ് കോർണർ<br>ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, ലൈബ്രറി എന്നിവ ഒരുക്കൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | Class Teacher | |
| | സർഗ്ഗസല്ലാപം (ഭാഷാവികസനം)<br>ഭാഷയിലൂടെ ശേഷികളിൽ മികവുനേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ എഴുത്ത്, വായന അനുഭവങ്ങൾ പങ്കുവയ്ക്കൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | HM & PTA | |
| | ഗ്രന്ഥശാല ശാക്തീകരണം | (ഭാഷാശേഷികളുടെ | വികസനം) | | |
| | വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ. | ലൈബ്രറി വികസനം വിവിധ പരിപാടികളിലൂടെ (ഭവനസന്ദർശനം) | വർഷത്തിൽ 2 പ്രാവശ്യം | HM, Trs, PTA | |

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ദിനാചരണങ്ങൾ (സർഗവികസനം) | | | | |
| | വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ നടത്തേണ്ട പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നു. | ആവശ്യാനുസരണം | SRG | |
| | ഗണിതലാബ് സജ്ജീകരിക്കൽ | | | | |
| | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിൽ ഗണിത ലാബ് സജ്ജീകരിക്കൽ | ആവശ്യാനുസരണം | SRG ഗണിത ക്ലബ്ബ് | |
| | ഗ്രന്ഥശാല സന്ദർശനം | | | | |
| | പുസ്തകങ്ങളെ പരിചയപ്പെടൽ | സ്കൂളിന് സമീപപ്രദേശത്തെ വായനാശാലയിലേക്ക് – വായനപരിപോഷിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഭാഷാ ക്ലബ്ബ് | |

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | മേളകൾ<br>ശാസ്ത്ര പ്രവർത്തനമാണെന്ന അവബോധം വളർത്തുക | സ്കൂൾ തല ശാസ്ത്ര മേളകളിൽ പങ്കാളിത്തം ഉറപ്പാക്കൽ | വർഷത്തിൽ ഒരുപ്രാവശ്യം | ശാസ്ത്ര ക്ലബ്ബ് | |
| | പഠനയാത്ര<br>പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര മേളയിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ | വർഷത്തിൽ ഒന്ന്. | | |
| | പച്ചക്കറിത്തോട്ടം<br>കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ പച്ചക്കറിത്തോട്ടം നിർമ്മിക്കൽ | വർഷത്തിൽ രണ്ട്പ്രാവശ്യം | SSG . | |

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | **ജൈവവൈവിധ്യ പാർക്ക്** | | | | |
| | പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക. | സ്കൂളിനു മുന്നിലായി ജൈവവൈവിധ്യപാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | SRG | |
| | **ക്ലാസ്സ് PTA സജീവമാക്കൽ** | | | | |
| | കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ. | ക്ലാസ്സ് PTA കൃത്യമായ അജണ്ടയോടെ ഇതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം | മാസത്തിൽ രണ്ടെണ്ണം | | |
| | **പോഷകാഹാരപദ്ധതി** | | | | |
| | ആരോഗ്യമുള്ള ശരീരം പഠനത്തിനനിവാര്യം | ആഴ്ചയിൽ ഓരോദിവസവും വ്യത്യസ്ത മെനു ഉൾപ്പെടുത്തി പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിനങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, HM, PTA | |

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ജന്മദിനത്തിനൊരു പുസ്തകം / ചെടി | | | | |
| | ലൈബ്രറി നവീകരണം ഉദ്യാനം പരിപോഷിപ്പിക്കൽ | അധ്യാപികയും കുട്ടികളും ജന്മദിനത്തിൽ സംഭാവന ചെയ്യുന്നു. | ജന്മദിനങ്ങളിൽ | ക്ലാസ്സ് ടീച്ചർ ലീഡർ. | |
| | കവികൾ - കവിതകൾ | | | | |
| | കവികളെയും കൃതികളെയും പരിചയപ്പെടൽ | ഓരോ കുട്ടിക്കും ഓരോ കവികളുടെ പേര് നൽകി അവർക്ക് ലഭിച്ച കവികളുടെ രചനകളും ജീവചരിത്രവും എഴുതി തയ്യാറാക്കുന്നു | വർഷത്തിൽ ഒന്ന് | PTA SRG | |
| | മൺമറഞ്ഞുപോയ ആഹാരരീതികൾ | | | | |
| | നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | മുതിർന്നവരോട് ചോദിച്ച് റിപ്പോർട്ട് തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | SRG PTA | |

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | മലയാളത്തിളക്കം<br>മലയാളം ശരിയായി വായിക്കാനും എഴുതാനും അറിയുക | പത്രവായന<br>വിജ്ഞാന വായന | എല്ലാ ആഴ്ചയിലും | ടീച്ചർ<br>രക്ഷിതാവ് | |
| | പരിസര നടത്തം<br>നിരീക്ഷണങ്ങളിലൂടെ പ്രകൃതിയെ അറിയുടെ | പാഠഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ | ആവശ്യാനുസരണം | Class Tr. | |
| | ലഘുപരീക്ഷണങ്ങൾ<br>ശാസ്ത്രാവബോധം വളർത്തുന്നതിന് | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ പരീക്ഷണമായി ചെയ്യുന്നു. നിഗമനം രൂപീകരിക്കുന്നു. | ആവശ്യാനുസരണം | Class Tr | |

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | രചനോത്സവം<br>സർഗ്ഗാത്മകശേഷി വളർത്തുക | പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ | വർഷം മുഴുവൻ | Class Tr | |
| | ചിത്ര പുസ്തകം/സംയുക്ത | -സർഗ്ഗാത്മക ഡയറി | | | |
| | സർഗ്ഗാത്മക അഭിരുചികൾ വളർത്തുക | ഓരോ ദിവസത്തെയും സംഭവങ്ങളുടെ ചുരുക്കം | ആഴ്ചയിൽ മൂന്ന് | Class Tr | |
| | ആരോഗ്യ-കലാകായിക<br>ആരോഗ്യമുള്ള പുതുതലമുറയെ വാർത്തെടുക്കാൻ | വിദ്യാഭ്യാസം<br>Games, Zumpa Dance | ആഴ്ചയിൽ 2 ദിവസം | SRG. | |
| | ICT പഠനം<br>ഡിജിറ്റൽ ഉപകരണങ്ങളുടെ കൈകാര്യ നിർവ്വഹണം, പഠനപ്രവർത്തനം രസകരമാക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടുള്ളവ | വർഷം മുഴുവൻ | Class Tr | |

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | സർഗ്ഗവേള<br>സർഗ്ഗാത്മകശേഷി വളർത്തുന്നതിന് | ഓരോ ക്ലാസ്സിലെയും. പ്രവർത്തനങ്ങളുടെ അവതരണം | ആഴ്ചയിൽ ഒരു ദിവസം | ബാലസഭ | |
| | ബുള്ളറ്റിൻ ബോർഡ്<br>സാമൂഹിക - ശാസ്ത്ര അറിവുകൾ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ രീതിയിൽ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് എല്ലാ ദിവസത്തെയും പത്രവാർത്തയിൽ നിന്നും 3 ചോദ്യങ്ങൾ എഴുതുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തുന്നു. | എല്ലാ പ്രവൃത്തി ദിവസവും | സാമൂഹ്യ- ശാസ്ത്ര ക്ലബ്ബ് | |

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | പഠനോത്സവം<br>ഒരു വർഷത്തെ മികവുകൾ പൊതുധാരയെ അറിയിക്കൽ | പഠന പ്രവർത്തനങ്ങളിലൂടെ | എല്ലാ ദിനങ്ങളിലും | Class Tr | |